www.malankaralibrary.com



# സത്യാന്വേഷണ ചരിത്രം

Dr. K.M. Francis

മനുഷ്യന്റെ സത്യാന്വേഷണ പാതയിൽ അനേകം വ്യക്തികൾ തങ്ങളുടെ സംഭാവനകൾ നൽകിയിട്ടുണ്ട്. യൂറോപ്യൻ പാരമ്പര്യത്തിൽ സത്യാന്വേഷണ പ്രക്രിയയെ തത്വചിന്തയെന്ന് വിളിയ്ക്കുന്നു. തത്വചിന്ത എന്നത് നാമമല്ല (Noun) ക്രിയയാണ് (Verb). എന്താണ് സത്യം? സത്യം ഉണ്ടോ? സത്യം അറിയാൻ കഴിയുമോ? സത്യം അറിയുന്നതുകൊണ്ട് എന്താണ് മനുഷ്യവ്യക്തിയ്ക്കും, സമൂഹത്തിനും പ്രയോജനം? എന്നീ അനേകം ചോദ്യങ്ങൾ ഉന്നയിക്കുകയും, ഉത്തരം കണ്ടെത്താൻ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് തത്വചിന്തകർ.

## സത്യവും (Truth)അഭിപ്രായവും (Opinion)

തത്വചിന്തയുടെ അന്വേഷണ മേഖല യാഥാർത്ഥ്യത്തിന്റെ (Reality) സ്വഭാവത്തെ (Nature) കുറിച്ചാണ്. നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നതെല്ലാം യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യങ്ങളിൽ ഒരു യാഥാർത്ഥ്യം മാത്രമാണ് മനുഷ്യൻ. യാഥാർത്ഥ്യത്തിന്റെ സ്വഭാവമാണ് (Nature of reality) സത്യം. നാം നമ്മുടെ കൺമുന്നിൽ കാണുന്ന എല്ലാ യാഥാർത്ഥ്യങ്ങളും മാറ്റത്തിന് വിധേയമാണ്. അതുകൊണ്ട് പ്രശസ്ത ചിന്തകനായ ഹെറാക്സിറ്റസ് ഇപ്രകാരം അഭിപ്രായപ്പെട്ടു. “മാറാത്തതായി ലോകത്തിൽ മാറ്റം മാത്രമേയുള്ളൂ.” യാഥാർത്ഥ്യത്തെ ക്കുറിച്ചുള്ള ഈ അഭിപ്രായമാണ് കാറൽമാർക്സ് തന്റെ അടിസ്ഥാന പ്രമേയമായി അംഗീകരിച്ചത്.

എന്നാൽ മാറികൊണ്ടിരിക്കുന്നത് ഒരു യാഥാർത്ഥ്യത്തിന്റെ ബാഹ്യഭാഗമാണെന്നും യാഥാർത്ഥ്യത്തിന്റെ ആന്തരിക ഭാഗം മാറ്റത്തിന് വിധേയമല്ലെന്നും പാർമനൈഡ്സ് (Parmenides) വാദിച്ചതിനെ വിരുദ്ധമായാണ് ഹെറാക്ലിറ്റസ് തന്റെ പ്രമേയം ഉന്നയിക്കുന്നത്. ഉദാഹരണമായി ട്രയാഗിൾ പരിശോധിക്കുക. ഒരു ട്രയാഗിൾ വരച്ചാൽ അതിന്റെ വലുപ്പത്തിന് മാറ്റമുണ്ടാകാം, എന്നാൽ അതിന്റെ ഉള്ളിലെ അളവ് $180^0$ യാണ് ട്രയാഗിളിന്റെ $180^0$ എന്നത് അമ്പതിനായിരം വർഷം മുൻപും $180^0$ യാണ്, അമ്പതിനായിരം വർഷത്തിന് ശേഷവും $180^0$ യാണ്. മറ്റൊരു വിധത്തിൽ $180^0$ എന്നതിന് ഇന്നലെ (Past) എന്ന അവസ്ഥയില്ല നാളെ (future) എന്ന അവസ്ഥയില്ല, ഇന്ന് (Present or is) എന്ന അവസ്ഥ മാത്രമേയുള്ളൂ. കൂടുതൽ വിശദീകരിച്ചാൽ ട്രയാഗിളിന് കഴിഞ്ഞ കാലഘട്ടത്തിൽ $179^0$ എന്ന അവസ്ഥയോ ഭാവിയിൽ $181^0$ എന്ന അവസ്ഥയോ ഇല്ല. അതുകൊണ്ട് ട്രയാഗിളിന്റെ $180^0$ ഇന്നലെയും, ഇന്നും, നാളേയും ഒരേപോലെയാണ്.

യാഥാർത്ഥ്യങ്ങളുടെ ഉള്ളിൽ ഇത്തരത്തിൽ ഇന്നലെയും, നാളെയും ഒരുപോലെ നിലനിൽക്കുന്ന ഭാഗമാണ് സത്യം (Truth). ഇത്തരത്തിൽ നിലനിൽക്കുന്നതിനെയാണ് Being എന്ന വാക്കുകൊണ്ട് തത്വചിന്തകർ അർത്ഥമാക്കുന്നത്. Being നെ കുറിച്ചുള്ള

www.malankaralibrary.com


പഠനത്തെ, Ontology എന്ന് വിളിക്കുന്നു. Being യാഥാർത്ഥ്യത്തിൽ എല്ലാ അണുവിലും സന്നിഹിതമാകുന്നതിനെ Presence അഥവാ Ousia എന്ന് വിളിക്കുന്നു. ഇന്നലെയും, ഇന്നും, നാളേയും ഒരേപോലെ നിലനിൽക്കുന്നതാണ് യാഥാർത്ഥ്യത്തിന്റെ സ്വഭാവമെന്ന വാദത്തെ ഇന്ത്യയിൽ സനാതന വാദമെന്ന് വിളിയ്ക്കുന്നു.

ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളിലും (മനുഷ്യനടക്കം) നിലനിൽക്കുന്ന മാറ്റത്തിന് വിധേയമല്ലാത്ത ഭാഗത്തെക്കുറിച്ചുള്ള അന്വേഷണമാണ് സത്യാന്വേഷണം. മനുഷ്യന്റെ ആന്തരികതയിൽ മാറ്റത്തിന് വിധേയമാകാതെ നിലനിൽക്കുന്ന ഭാഗത്തെ അന്വേഷിക്കുന്നതാണ് മനുഷ്യാന്വേഷണമെന്ന് വിളിയ്ക്കുന്നത്.

തത്വചിന്തകരെ രണ്ടുഭാഗമായി തരം തിരിക്കാം. ഒരുവിഭാഗം യാഥാർത്ഥ്യങ്ങളിൽ സത്യമുണ്ട് (മാറ്റത്തിന് വിധേയമാകാത്ത - സനാതന ഭാഗം ) എന്ന് വാദിക്കുന്നു. മറ്റൊരു വിഭാഗം യാഥാർത്ഥ്യത്തിൽ സത്യമില്ല (മാറ്റത്തിന് വിധേയമല്ലാത്ത ഭാഗം) എന്ന് വാദിക്കുന്നു. യാഥാർത്ഥ്യത്തിൽ സത്യമില്ല എന്ന് പറയുന്നവർ യാഥാർത്ഥ്യത്തെ കുറിച്ച് അഭിപ്രായം (Opioin) പറയാൻ മാത്രെ കഴിയൂ എന്ന് വാദിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ആരും സത്യമുണ്ടെന്ന് (യാഥാർത്ഥ്യത്തിന് മാറ്റമില്ലാത്ത ഭാഗമുണ്ടെന്ന്) വാദിക്കുന്നില്ല. അതുകൊണ്ട് ഈ കാലഘട്ടത്തെ സത്യാനന്തര കാലഘട്ടം (Post Truth era) എന്ന് വിളിക്കുന്നു.

**സത്യം അറിയാൻ കഴിയുമോ?**

സത്യം അറിയാൻ മനുഷ്യൻ കണ്ടെത്തിയ വഴികളാണ് രീതി ശാസ്ത്രം (Methodology). രീതി ശാസ്ത്രത്തിന്റെ വിവിധ പടവുകളെ കുറിച്ചുള്ള വിശകലനത്തെ നാം ജ്ഞാനശാസ്ത്രം (Epistemology) എന്ന് വിളിക്കുന്നു. ജ്ഞാന ശാസ്ത്രത്തിൽ രണ്ട് ഭാഗമുണ്ട്. ഒന്നാമത്തേത് യുക്തവാദികളാണ് (Rationalists) രണ്ടാമത്തേത് അനുഭവവാദികളാണ് (empiricists). സോക്രട്ടീസിന്റെ ശിഷ്യനായ പ്ലാറ്റോ യുക്തവാദം പിൻതുടരുന്നു. എന്നാൽ അരിസ്റ്റോട്ടിൽ അനുഭവാധിഷ്ടിത ജ്ഞാന സമ്പാദന രീതിയാണ് പിൻതുടർന്നത്. പ്ലാറ്റോയുടെ യുക്തിവാദ രീതി പിൻതുടർന്നവരാണ് പ്ലോട്ടിനൂസ്, വിശുദ്ധ അഗസ്റ്റിൻ, ദെക്കാർത്ത്, ന്യൂട്ടൺ, ലെബനീസ് മുതലായവർ. അരിസ്റ്റോട്ടിലിന്റെ രീതി പിൻതുടർന്നവരാണ്. മുസ്ലിം പണ്ഡിതന്മാരായ അവിച്ചെന്ന, വി തോമാസ് അക്വീനാസ്, ഫ്രാൻസീസ് ബേക്കൺ, ഡേവീസ് ഹ്യൂം മുതലായവർ - യുക്തിയും അനുഭവവും തമ്മിലുള്ള സംയോജനത്തിന് ശ്രമിച്ചവരാണ് ഇമ്മാനുവൽ കാന്റും, ഹെഗലും. ഹെഗലിന്റെ ലോജിക് എന്ന ഗ്രന്ഥം ഡയലക്റ്റിക്സ് എന്ന പ്രക്രിയയിലൂടെ യുക്തിയും അനുഭവവും കൂടി ചേർന്ന് എങ്ങിനെയാണ് സത്യാന്വേഷകൻ സത്യത്തെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനത്തിലെത്തിച്ചേരുന്നുവെന്ന് വിശദീകരിക്കുന്നു. ഈ പ്രക്രിയ വിശദീകരിക്കാനുള്ള ഹെഗലിന്റെ ശ്രമമാണ് ആത്മാവിന്റെ പ്രതിഭാസം (Phenemenology of spirit) എന്ന ഗ്രന്ഥം.

www.malankaralibrary.com



**യാഥാർത്ഥ്യത്തിന്റെ രണ്ടു ഭാഗങ്ങൾ**

പാരമനൈസഡ് യാഥാർത്ഥ്യം സനാതനമാണെന്നും, ഹെറാക്ലിറ്റഡ് യാഥാർത്ഥ്യം നിരന്തരമാറ്റത്തിന് വിധേയമാണെന്നും വാദിച്ചിരുന്നുവെന്ന് നാം കണ്ടു. എന്നാൽ പ്ലാറ്റോ യാഥാർത്ഥ്യത്തിന് മാറ്റമില്ലാത്തതും, മാറ്റമുള്ളതുമായ, രണ്ടു ഭാഗങ്ങളുണ്ടെന്ന് ഉന്നയിക്കുന്നു. ഇത്തരത്തിൽ ഒരു നിഗമനത്തിലെത്താൻ പ്ലാറ്റോയ്ക്ക് പ്രചോദനം നൽകിയത് അനക്സെഗോറസ് എന്ന ചിന്തകനാണ്. അദ്ദേഹം ലോകത്തിലുള്ള എല്ലാ യാഥാർത്ഥ്യങ്ങളുടെ ആന്തരികതയിലും യുക്തി(reason or ratio) നിലനിൽക്കുന്നുവെന്ന് കണ്ടെത്തി. യുക്തി എന്ന വാക്കിനുപകരം മനസ്സ് എന്ന വാക്ക് അനക്സഗോറസ് ഉപയോഗിക്കുന്നു.

ഇക്കാര്യത്തെ കൂടുതൽ വ്യക്തമാക്കുന്നതിന് അരിസ്റ്റോട്ടിലിന്റെ ഒരു ഉദാഹരണം ഉപയോഗിക്കാം. ഒരു ആശാരി മരത്തെ പ്രത്യേക അനുപാതത്തിൽ (ratio) ക്രമീകരിക്കുമ്പോൾ മേശ ലഭിക്കുന്നു. ഈ ക്രിയയിൽ നാലു ഭാഗമുണ്ട്. (a) ആശാരി, (b) മരം, (c) ക്രമീകരണ അനുപാതം (reasonleads to order) (d) മേശ. യൂറോപ്യൻ തത്വചിന്ത മനസ്സിലാക്കാൻ ഈ ഉദാഹരണം സഹായിക്കും.

| | | |
|---|---|---|
| ആശാരി | - | Primal cause |
| മരം | - | Material cause |
| ക്രമീകരണ അനുപാതം | - | Formal cuse |
| മേശ | - | Final cause |

ആധുനിക ശാസ്ത്രത്തിന്റെ പിതാവായ ഫ്രാൻസിസ് ബേക്കൺ അതിഭൗതിക ശാസ്ത്ര (Malaphysics) മെന്നാൽ എന്ത്? എന്ന് നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. Primal cause, Formal cause എന്നിവയെ കുറിച്ചുള്ള പഠനമാണ് അതി ഭൗതിക ശാസ്ത്രം (Mela physics) എന്നാൽ Material cause, final cause എന്നിവയെക്കുറിച്ചുള്ള എന്നിവയെക്കുറിച്ചുള്ള പഠനമാണ് ഭൗതിക ശാസ്ത്രം (Physics). ഈ ഉദാഹരണത്തിലെ Formal cause എന്നതിനെയാണ് 'form'എന്ന വാക്കുകൊണ്ട് തത്വചിന്തകർ മനസ്സിലാക്കുന്നുത്. നാം നേരത്തെ മനസ്സിലാക്കിയ Being ന് സമാനമായ പദമാണ് form. ഹെഗൽ എന്ന തത്വചിന്തകൻ form, content എന്ന രണ്ട് വാക്കുകൾ ഉപയോഗിക്കുന്നത് ഒരേ അർത്ഥത്തിലാണ്. ഒരു യാഥാർത്ഥ്യത്തിനകത്ത് നിലവിലുള്ള യുക്തിയാണ് content, ഒരു വ്യക്തിയുടെ മനസ്സിൽ യാഥാർത്ഥ്യത്തെ കുറിച്ച് രൂപം കൊണ്ട യുക്തിയാണ് form. മനുഷ്യൻ തന്റെ അനുഭാവത്താലും ചിന്തയാലും എത്തിച്ചേരുന്ന നിഗമനത്തിലെ Form = content ആയിത്തീരുന്നതിനെ ഹെഗൽ (Idea)എന്ന പദം കൊണ്ട് അടയാളപ്പെടുത്തുന്നു. മനുഷ്യന്റെ ചിന്തയാൽ കണ്ടെത്തുന്ന ഒരു യാഥാർത്ഥ്യത്തെ കുറിച്ചുള്ള യുക്തിയും, ആ യാഥാർത്ഥ്യത്തിൽ അടങ്ങിയിരിക്കുന്ന യുക്തിയും ഒന്നാ

www.malankaralibrary.com



യിത്തീരുന്നതിന് ആവശ്യമായ ജ്ഞാന സമ്പാദന മാർഗ്ഗമാണ് ഹെഗലിന്റെ ലോജിക് എന്ന ഗ്രന്ഥം വിവരിക്കുന്നത്.

**യുക്തിയും ഇന്ദ്രിയവും**

ജ്ഞാന സമ്പാദന മാർഗ്ഗത്തിലുള്ള തെറ്റ് സത്യത്തെ അറിയുന്നതിൽ നിന്ന് മനുഷ്യനെ തടയുന്നു. ഈ തെറ്റാണ് പ്ലാറ്റോയേയും, അരിസ്റ്റോട്ടിലിനെയും അന്ധമായി (അല്ലെങ്കിൽ ഏതെങ്കിലും ഒരു ചിന്തകനെ വിമർശനം കൂടാതെ) പിൻതുടരുന്നവർക്ക് സംഭവിക്കുന്നത്. യാഥാർത്ഥ്യത്തിന് രണ്ട് ഭാഗമുണ്ടെന്ന് പ്ലാറ്റോ പറയുന്നതായി നാം കണ്ടു. യാഥാർത്ഥ്യത്തിന്റെ ആന്തരികതയിലുള്ള യുക്തിയെ അഥവാ രൂപത്തെ (Reason or form) noumena എന്ന് വിളിക്കുന്നു, ബാഹ്യമായി അനുഭവിക്കുന്നതിനെ Phenoumena എന്നു വിളിക്കുന്നു. ഇന്ദ്രിയങ്ങൾക്ക് (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി) അനുഭവിക്കാൻ കഴിയുന്നതാണ് പ്രതിഭാസം (Phenomenon). ഇന്ദ്രിയങ്ങൾക്ക് അനുഭവിക്കാൻ കഴിയാത്തതാണ് 'noumena'. മറ്റൊരു വിധത്തിൽ കാണപ്പെടുന്നവയും (sensible) കാണപ്പെടാത്തവയും (enlelligble). പാശ്ചാത്യ തത്വചിന്താ ചരിത്രത്തിലെ ഈ ദ്വന്ദാത്മകത (dualism), യാഥാർത്ഥ്യത്തിലും നിലനിൽക്കുന്ന ദ്വന്ദ്വാത്മകതയാക്കി മാറ്റി എന്ന് നമുക്ക് കാണാവുന്നതാണ്. യാഥാർത്ഥ്യത്തിൽ ഈ ദ്വന്ദാത്മകത ഇല്ലെന്നും അതുകൊണ്ട് യാഥാർത്ഥ്യത്തെ കുറിച്ചുള്ള ചിന്ത 'Idea' യായി പരിണമിക്കുമ്പോൾ, പ്രതിഭാസമെന്നത്, യാഥാർത്ഥ്യത്തിലുള്ള സത്യത്തിന്റെ പ്രകാശനമാണെന്ന് (Pheonomenon is the epiphany of noumen)എന്ന് തിരിച്ചറിയുമെന്നും ഹെഗലിന്റെ ലോജിക് ഉന്നയിക്കുന്നു.

എന്നാൽ ഹെഗൽ വരെയുള്ള തത്വചിന്താചരിത്രം യുക്തിവാദികളുടേയും, അനുഭവവാദികളുടേയും ചരിത്രമാണ്. ഹെഗൽ രണ്ടിനേയും ഭാഗിക സത്യമായി കാണുകയും യുക്തിവാദവും അനുഭവവാദവും തമ്മിലുള്ള സമന്വയ സാധ്യതകൾ ചർച്ച ചെയ്യുന്നു.

നാം മനസ്സിലാക്കിയത് സത്യം തന്നെയാണോയെന്നറിയാൻ മൂന്ന് മാർഗ്ഗങ്ങളുണ്ട്. (a) സത്യം സനാതനമായിരിക്കും. (eternal or is, no past tense or future tensr for truth).Truth is always expresed in present tense

(b) സത്യം സാർവ്വത്രികമായിരിക്കും (Universal)

ട്രയാഗിളിന്റെ $180^0$ എന്ന ഉദാഹരണം വീണ്ടും പരിശോധിക്കുക, $180^0$ എന്നത് ഇന്നലെയും നാളെയും $180^0$യായാൽ മാത്രം അത് സത്യമാകണമെന്നില്ല. ഇത് ഇന്ത്യയിലും, അമേരിക്കയിലും, ആഫ്രിക്കയിലും, കടലിനടിയിലും, ചന്ദ്രനിലും, സൂര്യനിലും $180^0$ യാകുന്നതിനെയാണ് സാർവ്വത്രികം എന്ന് വിളിക്കുന്നത്. ഇത്തരത്തിൽ മനുഷ്യനിൽ അമേരിക്കയിലും, ഇന്ത്യയിലും, ജപ്പാനിലും ഒരേപോലുള്ള യാഥാർത്ഥ്യമുണ്ട് എന്ന് വാദിക്കുന്നവരെ സാർവ്വത്രിക വാദികൾ എന്ന് വിളിക്കുന്നു.

www.malankaralibrary.com



(c) സത്യത്തിൽ വൈരുദ്ധ്യമുണ്ടാകില്ല (Principle of non contradiction) ഉദാഹരണമായി നാം ഒരു കഥ പറയുമ്പോൾ ആദ്യം ഒരു അപ്പന് രണ്ട് മക്കൾ ഉണ്ടായിരുന്നുവെന്ന് പ്രസ്താവിച്ചാൽ മറ്റൊരിടത്ത് മൂന്ന് മക്കൾ ഉണ്ടായിരുന്നുവെന്ന് പ്രസ്താവിച്ചാൽ അത് വൈരുദ്ധ്യമാണെന്ന് നാം മനസ്സിലാക്കും. സത്യത്തിൽ ഇത്തരം വൈരുദ്ധ്യം ഉണ്ടാകില്ല. ഈ ലക്ഷണത്തെ അവൈരുദ്ധ്യാത്മകതയുടെ തത്വം എന്ന് വിളിക്കുന്നു. ഈ മൂന്ന് ലക്ഷണങ്ങൾ ഉള്ളതാണ് സത്യം,സത്യം സനാതനമായിരിക്കും, സത്യം സാർവ്വത്രികമായിരിക്കണം, സത്യം ആവൈരുദ്ധ്യാത്മകമായിരിക്കും.